ഫാറം-1

## 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

**[ചട്ടം 4(1) കാണുക]**

## തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 46-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഇല്ലിക്കൽ ബ്രിഡ്ജിനും ആമ്പക്കുഴിക്കും ഇടയിലുള്ള (DTP Scheme for Kottayam – Kumarakom Road between Illickal Bridge and Ambakkuzhi) വിശദ നഗരാസൂത്രണ പദ്ധതി വ്യതിയാനം വരുത്തുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 46-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് താഴെ വിശദമാക്കിയിരിക്കുന്ന ഉദ്ദേശ്യങ്ങളോടും ലക്ഷ്യങ്ങളോടും കൂടി ഇല്ലിക്കൽ ആമ്പക്കുഴി ഏരിയയ്ക്കുവേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതി വ്യതിയാനം വരുത്തുവാൻ 20/09/2022-ാം തീയതിയിൽ നടന്ന യോഗത്തിലെ 38/1 നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

**(എ) പദ്ധതി വ്യതിയാനം വരുത്തുന്നതിനുള്ള ഉദ്ദേശ്യം:** 27/10/1999 ലെ ബി1/864/96/കെ.ഡി.എ നോട്ടീസ് പ്രകാരം കോട്ടയം വികസന അതോരിറ്റി ഇല്ലിക്കൽ ആമ്പക്കുഴി വിശദ നഗരാസൂത്രണ പദ്ധതിയുടെ കരട് പ്രസിദ്ധീകരിച്ചതാണ്. പുതിയ വികസിത സാഹചര്യങ്ങൾക്ക് അനുസൃതമായി മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതി വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്നു.

**(ബി) പദ്ധതി വ്യതിയാനം വരുത്തുന്നതിനുള്ള ലക്ഷ്യങ്ങൾ:** കോട്ടയം കുമരകം റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റോഡിന്റെയും, അതിന്റെ സമീപ പ്രദേശത്തിന്റെയും വികസനം നടപ്പിലാക്കുക എന്നതാണ് നിലവിലെ സ്കീം വ്യതിയാനത്തിന്റെ പ്രധാന ലക്ഷ്യം.

**(സി) അതിരുകൾ:**

| | |
|---|---|
| വടക്ക് | : ചെങ്ങളം തോട് സർവ്വേ നമ്പർ – 449 (ഭാഗികം), 593 (ഭാഗികം), 597 (ഭാഗികം), 599 (ഭാഗികം), 600 (ഭാഗികം), 598 (ഭാഗികം) |
| കിഴക്ക് | : മീനച്ചിലാർ സർവ്വേ നമ്പർ – 558 (ഭാഗികം) |
| തെക്ക് | : മീനച്ചിലാർ സർവ്വേ നമ്പർ – 558 (ഭാഗികം), 185 (ഭാഗികം), 186 (ഭാഗികം), 438 (ഭാഗികം), 439 (ഭാഗികം), 440 (ഭാഗികം), 441 (ഭാഗികം), 442 (ഭാഗികം), 445 (ഭാഗികം), 446 (ഭാഗികം) |
| പടിഞ്ഞാറ് | : സർവ്വേ നമ്പർ – 405 (ഭാഗികം), 410 (ഭാഗികം), 406 (ഭാഗികം) |

(ഡി) <u>റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പരുകൾ, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേര്</u> :

ബ്ലോക്ക് – 14

തിരുവാർപ്പ് വില്ലേജിൽപ്പെട്ട 438, 439, 440, 441, 442, 445, 446, 447, 448, 597, 598, 599, 600, 601, 602 എന്നീ സർവ്വേ നമ്പരുകൾ പൂർണ്ണമായോ ഭാഗികമായോ സ്കീം ഏരിയയിൽ ഉൾപ്പെടുന്നു.

(ഇ) <u>ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി</u> : 14 ഹെക്ടർ

ആസൂത്രണ പ്രദേശത്തിന്റെ മാപ്പ് (ഡിഎസ്എൻ/01) തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഓഫീസ് പ്രവൃത്തി സമയത്ത് പരിശോധനയ്ക്കായി സൂക്ഷിച്ചിരിക്കുന്നു.

2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റിലെ 46–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| *സെക്രട്ടറി* | *പ്രസിഡന്റ്* |

**സ്ഥലം: തിരുവാർപ്പ്**

**തീയതി: 30-11-2023**